# മാതൃത്വം........

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

മാതൃത്വം മഹാതീർത്ഥം കുടുംബം പുണ്യാശ്രമം
മാതൃചുംബനാലസ്യം പൂതമാം ജീവാമൃതം
ജീവിതോഷസിലാർന്ന ജാതവതികളാണീ
ജീവിതം പരിശോഭമാക്കിടും പ്രസൂനങ്ങൾ !
കയ്യെത്തിപ്പിടിക്കുവാനാവാത്ത ദൂരത്തിലെൻ
കൈക്കോട്ടിൽ കിടന്നോരു കിടാങ്ങളെത്തിയെന്നോ ?
ഇന്നലെക്കഴിഞ്ഞപോലോർമ്മകളുണരുന്നു
ഒന്നൊന്നായ് നിരക്കുന്നെൻ മാനസ ദർപ്പണത്തിൽ
ചെയ്യുവാനില്ലിന്നൊന്നും ധൃതിവച്ചുണരേണ്ട
തയ്യലാളുണർന്നിന്നു പാലിനായ്ക്കരയീല
പിച്ചവച്ചുയരുമ്പോൾ കാലുകൾ വേച്ചുവീണി
ട്ടുച്ചത്തിൽക്കരയുന്ന നാദവും കേൾക്കാനില്ല,
മൂത്രവിസർജ്ജ്യങ്ങളിൽ കുഞ്ഞിളം മേനിയാണ്ട്
വൃത്തിഹീനമായെന്ന തത്രപ്പാടൊന്നും വേണ്ട,
ചെഞ്ചിളം ചുണ്ടു കാട്ടി കണ്ണിലേക്കുറ്റുനോക്കി
കൊഞ്ചിവിതുമ്പുന്നതും ഓർമ്മയിൽ മാത്രമായി,
വാവിട്ടു കേഴുമ്പോഴെൻ മാറിൽ ചേർത്തണയ്ക്കുമ്പോൾ
കൈവല്യനിർവൃതിയിൽ മയങ്ങിയുറങ്ങുമ്പോൾ,
നിർവൃതിയടഞ്ഞു ഞാൻ ജന്മസായൂജ്യം നേടി
ജീവിതധന്യതയിൽ ദിവ്യത്വം കല്പിച്ചതും,
'അമ്മ'യെന്നുള്ള നാദം ഉയർത്തീ തരംഗങ്ങൾ
നിർമ്മലപ്രേമത്തിന്റെ വാരിധീ ഗർത്തങ്ങളിൽ
'ബേബീഫുഡൊ'രുക്കേണ്ട .പാൽക്കുപ്പി' നിറയ്ക്കേണ്ട
'ബേബിസിറ്ററെ'ത്തേടിയോടുവാൻ വെമ്പിടേണ്ട,
'മാമിയിന്നെങ്ങും പോകാതെന്റെകൂടിരിയ്ക്കേണം'
'മാമിയല്ലാതെ കൂട്ടിനാരുമെനിയ്ക്കുവേണ്ട',
കൊഞ്ചിമൊഴിഞ്ഞ ചുണ്ടിൽ മുത്തത്തിൻ മുത്തണിച്ച്
പിഞ്ചിളം ചിത്തത്തിനെ നോവിപ്പിച്ചകന്നതും,
ഇഷ്ടഭക്ഷണത്തിനായ് ശാഠ്യത്തിൽ കരഞ്ഞപ്പോൾ
'ഇഷ്ടമില്ലെങ്കിൽ വേണ്ട, വേറൊന്നും തരുന്നില്ല',
'നേരമില്ലൊട്ടും നിന്റെ ഇഷ്ടത്തിനൊരുക്കാനായ്,
'വേറെയും ജോലിയുണ്ട്, ശാഠ്യം കൂടുന്നു കുറേ',
അമ്മയെപ്പേടിച്ചല്പം കഴിച്ചന്നെണീല്പതും
അമ്മയിന്നിച്ഛപോലെ യൊരുക്കാൻ വെമ്പുന്നതും,
ശുണ്ഠികാട്ടിയിഷ്ടം സാധിപ്പാൻ കരഞ്ഞതും
വേണ്ടതിച്ഛപോൽ നൽകി ധൂർത്തനാക്കാൻ മടിച്ചും,
കാണംകളിക്കോപ്പെല്ലാം കിട്ടുവാൻ വാശി കാട്ടെ
കൊച്ചുതല്ലൊന്നുകൊടുത്തമർത്തി ശാസിക്കയിൽ
'മേലിൽ ഞാൻ ചോദിക്കില്ല, ഇന്നേയ്ക്കു മാത്രം മതി,
മേലിലെന്നമ്മയ്ക്കു ഞാൻ "ഹാർഡ് റൈം" തരുകില്ല,
കണ്ണീരാൽ കാര്യസാദ്ധ്യം നേടുവാൻ ശ്രമിച്ചതും
എണ്ണമറ്റോർമ്മകൾ തൻ പൂത്തിരി കത്തിക്കുന്നു.
സ്ക്കൂളിലേക്കയയ്ക്കാനായ് കുളിപ്പിച്ചൊരുക്കേണ്ട
സ്ക്കൂളിലേതൊന്നുമോർത്ത് വേവലാതിയും വേണ്ട,

വേണ്ടപോൽ നേരമുണ്ടിന്നലട്ടാനാരുമില്ല
വേണ്ടായിന്നവർക്കൊന്നും കുഞ്ഞുങ്ങൾ വളർന്നുപോയ്.
    വിശ്രമമെന്നിയേ ഞാൻ അർത്ഥന ചെയ്യുന്നിന്നും
    ക്ലേശങ്ങളകന്നെന്റെ പുത്രരെക്കാക്കുവാനായ്,
'ദൈവമേ നിന്നിൽനിന്നുമകറ്റാനുള്ളതൊന്നും
താവക കാരുണ്യത്താലെൻ പുത്രർക്കേകരുതേ !

നന്മയെ സ്നേഹിക്കുവാൻ തിന്മയെ ദ്വേഷിക്കുവാൻ
സന്മാർഗ്ഗ തീഷ്ണരാവാൻ, മർദ്ദിതരെയുയർത്താൻ,
    ധർമ്മത്തെപ്പുലർത്തുവാൻ സത്യത്തെയാചരിക്കാൻ
    കർമ്മപ്രപഞ്ചത്തിങ്കൽ തൃക്കയ്യിൽക്കാത്തിടാനും''.
അച്ഛനമ്മമാർ തീർക്കും ഗാർഹസ്ത്യപ്പറുദീസ
അച്ഛസ്ഫടിക ജലധാരയായ് നിലകൊൾകിൽ
    ഇച്ഛനോലോടിവന്നാ ശീതള ച്ഛായ പുൽകാൻ
    വാഞ്ഛരിക്കും മക്കൾക്കതു നിസ്വാർത്ഥ സ്നേഹതീർത്ഥം !

............................

5,10,15